# <u>പാറമേക്കാവ് സബ്‌വേയുടെ നിർമ്മാണോൽഘാടനം</u>

തൃശ്ശൂർ സ്വരാജ് റൗണ്ടിലെ പാറമേക്കാവിനു മുന്നിലുള്ള സബ്‌വേയുടെ നിർമ്മാണോൽഘാടനം 11-10-2008 ന് കാലത്ത് 10 മണിക്ക് ആരാധ്യയായ മേയർ പ്രൊഫ.ആർ.ബിന്ദു അവർകൾ നിർവ്വഹിച്ചു. ചടങ്ങിൽ ഡെപ്യൂട്ടി മേയർ ശ്രീ.എം.വിജയൻ അദ്ധ്യക്ഷത വഹിച്ചു.

നിർദ്ദിഷ്ട സബ്‌വേക്കായി 90 ലക്ഷം രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. സബ്‌വേയുടെ വീതി 3 മീറ്ററും ഉയരം 2.4 മീറ്ററും ആണ്. സബ്‌വേയിൽ പ്രവേശിക്കുന്നതിനായി രണ്ടറ്റങ്ങളിലും രണ്ട് പടിക്കെട്ടുകൾ വീതം നിർമ്മിക്കുന്നതാണ്. നിർമ്മാണപ്രവൃത്തികൾ 6 മാസത്തിനകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സബ്‌വേയുടെ നിർമ്മാണം പൂർത്തിയാകുന്നതോടെ കാൽനടക്കാർക്ക് സുഗമവും സുരക്ഷിതവുമായ റോഡ് ക്രോസിങ് സാധ്യമാകുന്നതാണ്. കൂടാതെ ഈ ഭാഗത്തെ സിഗ്നൽ സിസ്റ്റവും മാറ്റുന്നതോടുകൂടി ഇതുമൂലമുള്ള വാഹനക്കുരുക്കുകളും പരിഹരിക്കപ്പെടുന്നതാണ്.

<u>ഉൽഘാടനത്തിന്റെ വിവിധ ദൃശ്യങ്ങൾ</u>



